13548
28/12/20

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി -ഇടുക്കി ജില്ല- പ്രളയം 2018 - വീടുകൾ നഷ്ടപ്പെട്ടവരുടെ പുനരധിവാസം- ഗുണഭോകതാക്കൾക്ക് സൗജന്യമായി ലഭിച്ച ഭൂമിയിലേക്കുള്ള റോഡ് നിർമാണത്തിനും ബോർവെൽ നിർമാണത്തിനും ചെലവായ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡി.ആർ.എഫ് -എ) വകുപ്പ്

സ.ഉ.(സാധാ) നം.3827/2020/റവ. തീയതി, 21/12/2020 തിരുവനന്തപുരം,

---

പരാമർശം:- 1 28/10/2020 തീയതിയിലെ ഇടുക്കി ജില്ലാ കളക്ടറുടെ DCIDK/3820/2020-DMI നമ്പർ കത്ത്.

ഉത്തരവ്

മഹാ പ്രളയത്തിൽ വീട് / വീടും സ്ഥലവും നഷ്ടപ്പെട്ടവരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് ഇടുക്കി ജില്ലയിലെ വാത്തിക്കുടി വില്ലേജിലെ മണിയാറൻകുടി എന്ന സ്ഥലത്ത് CMJ ഗ്രാനൈറ്റ്സ് എന്ന സ്ഥാപനം അനുവദിച്ച നൽകിയ സ്ഥലത്തുള്ള ബോർവെൽ നിർമ്മാണത്തിനായി 90,337/- രൂപയും വാത്തിക്കുടി വില്ലേജിലെ കനകക്കുന്ന് ഭാഗത്തുള്ള റോഡ് നിർമ്മാണത്തിന് ചെലവായ 55,250/- രൂപയും ചേർത്ത് 1,45,587/- രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കണമെന്ന് പരാമർശ പ്രകാരം ജില്ലാ കലക്ടർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. വിനിയോഗ സർട്ടിഫിക്കറ്റ്, തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ സഹിതം യഥാസമയം സമർപ്പിക്കണമെന്ന നിബന്ധനയിൽ മേല്പറഞ്ഞ പ്രകാരമുള്ള പ്രവർത്തികൾക്കായി ആകെ 1,45,587രൂപ (ഒരു ലക്ഷത്തി നാൽപ്പത്തയ്യായിരത്തി അഞ്ഞൂറ്റി എൺപത്തിയേഴ് രൂപ മാത്രം) 2075-00-800-40 contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യവകുപ്പ് പ്രിൻസിപ്പൽ

സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും ഇടുക്കി ജില്ലാ കളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു. ജില്ലാ കളക്ടർ തുക വിതരണം ചെയ്യുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സന്തോഷ് കുമാർ.റ്റി.കെ.**
ജോയിന്റ് സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ തിരുവനന്തപുരം

ജില്ലാ കളക്ടർ, ഇടുക്കി.

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി(മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ചുമതല)

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ